**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2670** **13-10-2021 - ൽ മറുപടിയ്ക്ക്**

**കുന്നത്തുകാൽ പഞ്ചായത്തിലെ സ്ഥിരതാമസക്കാർക്ക് പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പാറശ്ശാല മണ്ഡലത്തിലെ കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിലെ മൂവേരിക്കര വാർഡിൽ 1991-92 കാലഘട്ടത്തിൽ ഭൂരഹിതരായ ഭവനരഹിതർക്കായി പട്ടികജാതി വികസന വകുപ്പ് ആവിഷ്ക്കരിച്ച പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിലെ ഒൻപത് പേർക്ക് ഭൂമിയും സർക്കാർ ഗ്രാന്റ് ഉപയോഗിച്ച് വീടും നൽകിയെങ്കിലും നാളിതുവരെ ഇവർക്ക് പട്ടയം ലഭ്യമാക്കിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (എ) | 1989-90 കാലഘട്ടത്തിൽ ഭൂരഹിതരായ ഭവനരഹിതർക്കായി പട്ടികജാതി വികസന വകുപ്പ് മുഖേന ആവിഷ്ക്കരിച്ച പദ്ധതി പ്രകാരം 46 സെൻറ് വസ്തു 4 സെൻറ് വീതം പത്ത് പേർക്ക് നൽകിയിരുന്നു. എന്നാൽ പട്ടയം ലഭിച്ചിരുന്നില്ല. ശേഷം പ്രസ്തുത വസ്തുവിന് പട്ടയം ലഭ്യമാക്കാമെന്ന് വകുപ്പിൽ നിന്നും അറിയിച്ചിരുന്നുവെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ അത് സാധിച്ചിരുന്നില്ല. 2020 ൽ ജില്ലാ പട്ടികജാതി വികസന ഓഫീസർ സ്ഥലം സന്ദർശിക്കുകയും പ്രദേശത്ത് നിലവിൽ താമസിക്കുന്നവരോട് വില്ലേജ് ഓഫീസിൽ പട്ടയം ലഭ്യമാക്കേണ്ട ഭൂമിയുടെ രേഖകളും അപേക്ഷയും നൽകാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ടി വിഷയത്തിന്മേൽ റവന്യൂ വകുപ്പ് തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇവരിൽ എത്രപേർ പട്ടയത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്;വ്യക്തമാക്കാമോ;സ്ഥിരതാമസക്കാർക്ക് പട്ടയം ലഭ്യമാക്കി നൽകുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ആയതിന്റെ പുരോഗതി അറിയിക്കാമോ; | (ബി) | നിലവിൽ 3 പേർ പട്ടയത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇവർക്ക് അവകാശ രേഖകൾ ഹാജരാക്കുന്നതിന് നിർദ്ദേശം നൽകുന്നതിനായി കുന്നത്തുകാൽ വില്ലേജ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും ടി രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് സത്വര നടപടികൾ സ്വീകരിക്കുമെന്ന് റവന്യൂ വകുപ്പ് അറിയിച്ചിട്ടുള്ളതുമാകുന്നു |
| (സി) | പ്രസ്തുത പ്രദേശങ്ങളിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും യഥാർത്ഥ ഉടമകൾക്ക് പട്ടയം ലഭ്യമാക്കി നൽകുന്നതിനും ശേഷിക്കുന്ന ഭൂമി ഏറ്റെടുത്ത് കുന്നത്തുകാൽ പഞ്ചായത്തിലെ ഭൂരഹിതരായ പട്ടികജാതി വിഭാഗത്തിലുള്ളവർക്ക് ലൈഫ് പദ്ധതി പ്രകാരമോ മണ്ണും വീടും പദ്ധതി പ്രകാരമോ വീട് നിർമ്മിച്ച് നൽകുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | പ്രസ്തുത വിഷയം സർക്കാർ ഗൗരവമായി പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ